(ബി) ഈ റോഡുകളെ സഞ്ചാരയോഗ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലയോര ഹൈവേയുടെ പരിധിയിൽ വരുന്ന 25.60 കി.മീ. ഭാഗമാണ് മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽപ്പെടുന്നത്. ഇതിൽ ആദ്യത്തെ 11/2 കി.മീ. റോഡ് പുതിയതായി നിർമ്മിക്കേണ്ടതാണ്. 1/500 മുതൽ 15/00 വരെ റോഡിന് മൂന്നു മീറ്റർ വീതിയേയുള്ളൂ. റോഡിന്റെ ഭൂരിഭാഗവും ഹൈവേ നിലവാരത്തിലേക്ക് അഭിവൃദ്ധിപ്പെടുത്തേണ്ടതായുണ്ട്. മൊത്തം പണികൾക്കായി 750 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിൽ പണി നടന്നുകൊണ്ടിരിക്കുന്ന റോഡുകളും പാലങ്ങളും കെട്ടിടങ്ങളും

154 [1503] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പണി നടന്നുകൊണ്ടിരിക്കുന്ന റോഡുകളും പാലങ്ങളും കെട്ടിടങ്ങളും ഏതെല്ലാമാണെന്നും, അവ എന്നത്തേക്ക് പണി പൂർത്തീകരിക്കാൻ കഴിയുമെന്നും, ഓരോന്നിനും എന്തു തുക ചെലവാകുമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ നാഷണൽ ഹൈവേ ഉൾപ്പെടെ ഏത്ര റോഡുകളും പാലങ്ങളും കെട്ടിടങ്ങളും പണി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) അവ ഏതെല്ലാമാണെന്നും എന്നത്തേക്ക് പണി ആരംഭിക്കാൻ കഴിയുമെന്നും അവ ഓരോന്നിനും എന്തു തുക ചെലവാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്.†

(ബി, സി) അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.†

ഓടയ്ക്കൊപ്പം റോഡിന്റെ രണ്ടു വശത്തും കേബിൾ, ജലവിതരണ പൈപ്പുകൾ എന്നിവയ്ക്കുവേണ്ടി പ്രത്യേക ചാനൽ നിർമ്മിക്കാൻ നടപടി

155 [1504] ശ്രീ. എം. എം. ഹസ്സൻ:
പ്രൊഫസർ കെ. വി. തോമസ്:
ശ്രീ. ബി. വിജയകുമാർ:
ശ്രീമതി മേഴ്സി രവി:
ശ്രീ. ലൂഡി ലൂയിസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ.എസ്.ടി.പി. പ്രകാരം നിർമ്മിക്കുന്ന റോഡ് നിർമ്മാണത്തിന്റെ ആദ്യ സ്കീമനുസരിച്ച് ഓടയ്ക്കൊപ്പം റോഡിന്റെ രണ്ടുവശത്തും കേബിളും, ജലവിതരണ പൈപ്പുകളും എന്നിവയ്ക്കുവേണ്ടി പ്രത്യേക ചാനൽ നിർമ്മിക്കണമെന്ന് പറഞ്ഞിരുന്നുവോ;

(ബി) പിന്നീട് ഇവയ്ക്കുവേണ്ടി പ്രത്യേക ചാനൽ വേണ്ടെന്നു വച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള തുക കരാറിൽ കുറവ് ചെയ്തിരുന്നുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ്;

(ഡി) കേബിളിനും ജലവിതരണത്തിനുമുള്ള ചാനലുകളും വേണ്ടെന്ന് വച്ചതുകൊണ്ട് പണി പൂർത്തിയായ റോഡ് കുഴിച്ച് ഇവ സ്ഥാപിക്കേണ്ടതായി വരുമോ;

(ഇ) ഇപ്പോൾ കേബിളും ജലവിതരണപൈപ്പും പുറത്തിട്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ എത്ര കിലോമീറ്റർ നിർമ്മാണം പൂർത്തിയാക്കിയ റോഡ് കുഴിച്ച് കേബിളും ജലവിതരണപൈപ്പും റോഡിനടിയിലാക്കേണ്ടിവരും; അതിന് എന്തു ചെലവ് വരും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പറഞ്ഞിരുന്നു.

(ബി) ഉണ്ട്.

(സി) ഇല്ല. കരാർ പ്രകാരം ചെയ്യുന്ന ജോലികൾക്ക് മാത്രമേ തുക നൽകുകയുള്ളൂ. ചെയ്യാത്ത ജോലികൾക്ക് ആനുപാതികമായി കരാർ തുക കുറയ്ക്കുകയോ കൂടുകയോ ചെയ്യുന്നതാണ്.

(ഡി) നിലവിലുള്ള മുഴുവൻ പൈപ്പുകളും മാറ്റി സ്ഥാപിക്കുന്നതിന് ഏകദേശം 50 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു. ഈ തുക ലോക ബാങ്ക് ധനസഹായമായി നൽകാത്തതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് കണ്ടെത്തേണ്ടതുണ്ട്. ആയതിനാൽ അത്യാവശ്യമുള്ള ഭാഗങ്ങളിൽ മാത്രം പൈപ്പുകളും മാറ്റി സ്ഥാപിക്കുന്നുള്ളൂ.

(ഇ) ഇപ്പോൾ കുഴിയെടുത്തിട്ടിരിക്കുന്ന ഭാഗങ്ങളിൽ ജോലി പുരോഗമിക്കുന്നതോടൊപ്പം പൈപ്പ് മാറ്റി സ്ഥാപിക്കുന്നതാണ്. അതുകൊണ്ട് റോഡ് കുഴിക്കേണ്ടി വരില്ല. ആയതിനാൽ ഈ ഇനത്തിൽ പിന്നീട് ചെലവ് വരുന്നില്ല.

കല്ലാർ മുതൽ പാണിപ്പത്ത് വരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കാൻ

നടപടി

156 [1505] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
പ്രൊഫസർ കെ. വി. തോമസ്:
ശ്രീ. എം. മുരളി:
,, പി. ജെ. ജോയി:
,, വർക്കല രഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലാർ-അംബാസമുദ്രം റോഡിന്റെ ഇന്നത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ റോസ് സഞ്ചാരയോഗ്യമല്ലാതായിട്ട് എത്ര കാലമായി

LIBRARY ARCHIVES Kerala Legislative Assembly